# ലേബർ കമ്മീഷണറുടെ നടപടിക്രമം.

**(സാന്നിദ്ധ്യം: സി.വി.സജൻ, ഐ.എ.എസ്)**

വിഷയം: തൊഴിൽ വകുപ്പ് – ജീവനകാര്യം – ജില്ലാ ലേബർ ഓഫീസർ തസ്തികയിൽ ചുമതലാ ക്രമീകരണം നടത്തി ഉത്തരവാകുന്നു.

വായന:

1. സ.ഉ. (സാ.ധാ) നം. 840/2019/തൊഴിൽ തീയതി 12.07.2019.
2. കേരള സർവ്വീസ് റൂൾസ് പാർട്ട് – I ചട്ടം – 53.
3. ഈ കാര്യാലയത്തിലെ 30.04.2019 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം
4. എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 05.07.2019 തീയതിയിലെ എ(1)–2335/2019 നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇ(1) 3558/2019 തിരുവനന്തപുരം, തീയതി: 19.07.2019**

ജില്ലാ ലേബർ ഓഫീസർ തസ്തികയിലേക്ക് വായന (1) പ്രകാരം സ്ഥലംമാറ്റം നടത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. വായന (3) പ്രകാരം എറണാകുളം ജില്ലാ ലേബർ ഓഫീസർ(ജനറൽ)ന്റെ പൂർണ്ണ അധിക ചുമതല എറണാകുളം ഡെപ്യൂട്ടി ലേബർ ഓഫീസർ ശ്രീ.എം.കേശവന് നൽകിയിരുന്നു.

വിവരാവകാശ നിയമപ്രകാരം എറണാകുളം ജില്ലാ ലേബർ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ഡെപ്യൂട്ടി ലേബർ ഓഫീസർ തന്നെ അപ്പീൽ അധികാരിയായ ജില്ലാ ലേബർ ഓഫീസർ(ജനറൽ)ന്റെ പൂർണ്ണ അധിക ചുമതലയിൽ തുടരുന്നത് ഉചിതമല്ലാത്തതിനാൽ എറണാകുളം ജില്ലാ ലേബർ ഓഫീസർ(ജനറൽ)ന്റെ പൂർണ്ണ അധിക ചുമതല എറണാകുളം ഡെപ്യൂട്ടി ലേബർ ഓഫീസറിൽ നിന്നും മാറ്റി നൽകണമെന്ന് വായന(4) പ്രകാരം എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ ലേബർ ഓഫീസർ തസ്തികകയിൽ വായന(2) പ്രകാരം സർക്കാർ സാധൂകരണത്തിന് വിധേയമായി ചുവടെ ചേർക്കും പ്രകാരം ചുമതലാക്രമീകരണം നടത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പൂർണ്ണഅധിക ചുമതല ഏറ്റെടുക്കേണ്ട ഓഫീസറുടെ പേര്, തസ്തിക | പൂർണ്ണഅധിക ചുമതല ഏറ്റെടുക്കേണ്ട തസ്തിക | കുറിപ്പ് |
|---|---|---|---|
| 1 | ശ്രീമതി. ദീപ.പി ഡെപ്യൂട്ടി ലേബർ ഓഫീസർ, ആലപ്പുഴ | ജില്ലാ ലേബർ ഓഫീസർ (ജനറൽ), ആലപ്പുഴ | ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ(ജനറൽ) ശ്രീ.എം.മനോജിന് വായന (1) പ്രകാരം കണ്ണൂർ ജില്ലാ ലേബർ ഓഫീസർ (ജനറൽ), തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചതിനാൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ (ജനറൽ) ന്റെ പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 2. | ശ്രീ.ടി.വി.രാഘവൻ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), മലപ്പുറം | ജില്ലാ ലേബർ ഓഫീസർ (ജനറൽ), മലപ്പുറം | മലപ്പുറം ജില്ലാ ലേബർ ഓഫീസർ (ജനറൽ) ശ്രീ.പി.രഘുനാഥിന് വായന (1) പ്രകാരം എറണാകുളം ജില്ലാ ലേബർ ഓഫീസർ (ജനറൽ), തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദി ച്ചതിനാൽ മലപ്പുറം ജില്ലാ ലേബർ ഓഫീസർ (ജനറൽ)ന്റെ പൂർണ്ണ അധിക ചുമതല ചുമതല ഏറ്റെടുക്കേണ്ടതാണ്. |
| 3. | ശ്രീ.കെ.എ.ഷാജു ജില്ലാ ലേബർ ഓഫീസർ (ജനറൽ), കാസർഗോഡ് | ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ശ്രീ.കെ.എ.ഷാജുവിന് വായന (1) പ്രകാരം കാസർഗോഡ് ജില്ലാലേബർ ഓഫീസർ (ജനറൽ) തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദി ച്ചതിനാൽ കാസർഗോഡ് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന്റെ പൂർണ്ണ അധിക ചുമതല ചുമതല ഏറ്റെടുക്കേണ്ടതാണ്. |
| 4 | ശ്രീ.വി.ബി.ബിജു ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), എറണാകുളം | ജില്ലാ ലേബർ ഓഫീസർ (ജനറൽ), എറണാകുളം | വായന(4) പ്രകാരം എറണാകുളം ജില്ലാ ലേബർ ഓഫീസർ (ജനറൽ) ന്റെ പൂർണ്ണ അധിക ചുമതല ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ലേബർ ഓഫീസർ ശ്രീ.എം.കേശവനിൽ നിന്നും ജില്ലാ ലേബർ ഓഫീസർ (ജനറൽ) ടെ പൂർണ്ണ അധിക ചുമതല ചുമതല ഏറ്റെടുക്കേണ്ടതാണ്. |

ബന്ധപ്പെട്ട ജീവനക്കാർ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ചുമതലാ കൈമാറ്റം നടത്തേണ്ടതും ആയത് ഈ കാര്യാലയത്തിൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(വെബ്സൈറ്റ് /ഇ.മെയിൽ മുഖാന്തിരം)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പി.എ റ്റു ലേബർ കമ്മീഷണർ
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ
   (കൊല്ലം/ എറണാകുളം /കോഴിക്കോട്/)
4. ജില്ലാ ലേബർ ഓഫീസർ,
   കോട്ടയം/ മലപ്പുറം/ കോഴിക്കോട്/ വയനാട്/കണ്ണൂർ

5. ഡെപ്യൂട്ടി ലേബർ ഓഫീസർ,
   കോട്ടയം/ മലപ്പുറം/ കോഴിക്കോട്/ വയനാട്/കണ്ണൂർ
6. അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രേഡ്–I, മലപ്പുറം.
7. അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രേഡ്–II, കൽപറ്റ
8. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
9. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
10. സീനിയർ സൂപ്രണ്ട് (ഇ),
11. ഫയൽ/സ്റ്റോക്ക് ഫയൽ

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**